## സഭകളോട് സംസാരിക്കുന്ന ആത്മാവ്

**I. വെളിപ്പാട് 2-ഉം 3-ഉം അധ്യായങ്ങളിൽ ക്രിസ്തു എല്ലാ സഭകളോടും സംസാരിക്കുന്ന ആത്മാവാണ്**

- വെളിപ്പാട് 2-ലും 3-ലും, ഓരോ ലേഖനത്തിന്റെയും തുടക്കത്തിൽ, യഥാക്രമം ഏഴ് സഭകളോടുള്ള പരിധിയില്ലാത്ത, ജീവൻ വിടുവിക്കുന്ന, ഏഴുമടങ്ങ് തീവ്രതപ്രാപിച്ച, ശ്വാസമായ ക്രിസ്തുവിന്റെ സംസാരം, ഓരോ ലേഖനത്തിന്റെയും അവസാനം ഏഴ് സഭകളോടുള്ള ഏഴുമടങ്ങ് തീവ്രതപ്രാപിച്ച, സർവവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവിന്റെ സാർവത്രികമായ സംസാരമായിത്തീരുന്നു
- ക്രിസ്തു ഒരു പ്രത്യേക സ്ഥലം സഭയോട് സംസാരിക്കുന്നു, ആത്മാവ് സാർവത്രിക ശരീരത്തോട് സംസാരിക്കുന്നു
- വെളിപ്പാട് 2-ലും 3-ലും ഉള്ള ഏഴ് ലേഖനങ്ങൾ കർത്താവായ യേശു സംസാരിച്ച വാക്കുകളാണ്, എന്നാൽ ഇന്ന് നാം അവ വായിക്കുമ്പോൾ, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ദൈവത്തിന്റെ വ്യവസ്ഥയുടെ ഉദ്ദേശ്യത്തിനായി നമ്മുടെ ആത്മാവിൽ ഈ വാക്കുകൾ നമ്മോട് സംസാരിക്കുന്നു
- ആത്മാവിന്റെ സംസാരം എപ്പോഴും നമ്മെ ക്രിസ്തുവിന്റെ നിവേശനത്തിലേക്ക് തിരിക്കുന്നു; ആത്മാവിന്റെ സംസാരം ക്രിസ്തുവിന്റെ നിവേശനമാണ്
- സഭകളിലെ വിശ്വാസികൾ ആത്മാവിന്റെ സംസാരം കേൾക്കാൻ കഴിയുന്ന സ്ഥാനത്തായിരിക്കുകയും അങ്ങനെ അവർക്ക് കേൾക്കാൻ ചെവിയുള്ളവരാകുവാൻ എളുപ്പത്തിൽ കഴിയുമെങ്കിലും, എല്ലാവരും അവന്റെ സംസാരത്തെ സൂക്ഷമമായി പിന്തുടരുകയില്ല; അതിനാൽ, ജയാളികൾക്കുവേണ്ടിയുള്ള ആഹ്വാനം ഉണ്ട്
- ആത്മാവ് സഭകളോട് പറയുന്നത് കേൾക്കാൻ ചെവിയുള്ളവർ കേൾക്കണം, കേൾക്കുന്നവർ ജയാളികളായിത്തീരും
  - ആത്മാവിന്റെ സംസാരം കേൾക്കാൻ നമുക്കെല്ലാവർക്കും തുറക്കപ്പെട്ടതും പരിച്ഛേദനയേറ്റതും വേടിപ്പാക്കപ്പെട്ടതും അഭിഷേകം ചെയ്യപ്പെട്ടതുമായ ഒരു ചെവി ആവശ്യമാണ്

## ദാവീദിന്റെ താക്കോൽ കൈവശമുള്ളവൻ

**II. പ്രത്യുദ്ധരിക്കപ്പെട്ട സഭയിൽ (ഫിലദെൽഫ്യ), ദൈവത്തിന്റെ ഭവനത്തിന്റെ (ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ദാവീദിന്റെ ഗൃഹത്താൽ മുൻകുറിക്കപ്പെട്ട) താക്കോൽ (ഭണ്ഡാരത്തിന്റെ) തന്റെ തോളിൽ വെച്ചിരിക്കുന്നവനായി ക്രിസ്തു കാണപ്പെടുന്നു**

- പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക്, ക്രിസ്തു തുറക്കാനും അടയ്ക്കാനുമുള്ള അധികാരത്തോടുകൂടിയ രാജ്യത്തിന്റെ താക്കോലായ ദാവീദിന്റെ താക്കോൽ കൈവശമുള്ളവനാണ്; ആർക്കും അടയ്ക്കാൻ കഴിയാത്ത ഒരു തുറന്ന വാതിൽ കർത്താവ് ഒരുമനസ്സിലുള്ള പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് നൽകിയിരിക്കുന്നു
- ദാവീദിന്റെ താക്കോൽ നാം ഒരു വെള്ളക്കല്ലായി രൂപാന്തരപ്പെടുന്നതിനും, ദൈവത്തിന്റെ നാമവും പുതിയ യെരൂശലേമെന്ന നാമവും കർത്താവിന്റെ പുതിയ നാമവുമുള്ള ഒരു തൂണായി ദൈവത്തിന്റെ ആലയത്തിലേക്ക് നാം പണിയപ്പെടുന്നതിനും നമുക്ക് വാതിൽ തുറക്കുന്നു
  - ദൈവത്തിലേക്ക് പണിയപ്പെടുവാനും, പുതിയ യെരൂശലേമിന്റെ ഒരു ഘടകാംശമായിത്തീരുവാനും, പുതിയ ക്രിസ്തുവിന്റെ ഒരു ഭാഗമായിത്തീരുവാനും നമുക്ക് മാനുഷികമായി അസാധ്യമാണ്, എന്നാൽ നമ്മിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണത്തിൽ അസാധ്യമായതിനോട് ഇടപെടുവാനുള്ള ഒരു ഘടകം അടങ്ങിയിരിക്കുന്നു
  - ദൈവത്തിന്റെ ഭണ്ഡാരത്തിന്റെ വാതിൽ നിയന്ത്രിക്കാനുള്ള താക്കോൽ ക്രിസ്തുവിനുണ്ട്, അതിൽ നമ്മുടെ ആസ്വാദനത്തിനായി ക്രിസ്തുവിലുള്ള ദൈവത്തിന്റെ സമ്പത്ത് അടങ്ങിയിരിക്കുന്നു;
  - അവന്റെ സമ്പത്ത് ഒരു നിധിയായി ആസ്വദിക്കണമെങ്കിൽ, സ്വയത്തെ ത്യജിക്കുക, ക്രൂശെടുക്കുക, ദേഹിജീവൻ നഷ്ടമാക്കുക എന്നീ താക്കോലുകൾ പ്രയോഗിക്കാൻ നാം പഠിക്കണം; നാമെല്ലാവരും നീക്കപ്പെടുകയും ക്രിസ്തുവിനാൽ പകരംവയ്ക്കപ്പെടുകയും ചെയ്യേണ്ട "ശെബ്നെമാർ" ആണ്, അങ്ങനെ അവന് നമ്മിലും നമുക്കും സകലവും ആകുവാനും, നമ്മിലൂടെയും നമുക്കുവേണ്ടിയും സകലവും ചെയ്യുവാനും കഴിയും

## ജയാളികളോടൊപ്പം അത്താഴം കഴിക്കുന്നവൻ

**III. അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയിൽ, ക്രിസ്തുവിനെ ജയാളികളോടൊപ്പം അത്താഴം കഴിക്കുന്നവനായും, ജയാളികൾക്ക് തന്നോടൊപ്പം തന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകുന്നവനായും കാണുന്നു, അവനും ജയിച്ച് തന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ**

- “ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും”—വാക്യം 20
  - വാതിൽ സഭയുടെ വാതിലാണ്, എന്നാൽ വാതിൽ തുറക്കുന്നത് വ്യക്തിഗത വിശ്വാസികളാണ്; ലവൊദിക്യയിലുള്ള സഭയ്ക്ക് അറിവുണ്ട്, പക്ഷേ കർത്താവിന്റെ സാന്നിധ്യമില്ല
  - കർത്താവിന്റെ ദൃഷ്ടിയിൽ അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭ അരിഷ്ടയാണ്, നികൃഷ്ടയാണ്, ദരിദ്രയാണ്, കുരുടയാണ്, നഗ്നയാണ്
  - കർത്താവ് മുഴുവൻ സഭയോടും ഇടപെടുന്നു, എന്നാൽ കർത്താവിന്റെ ഇടപെടലിനെ അംഗീകരിക്കുന്നത് വ്യക്തിപരവും വ്യക്തിനിഷ്ഠവുമായ ഒരു കാര്യമായിരിക്കണം
- “ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ” —വാ. 21
  - കർത്താവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരിക്കുന്നത് ജയാളിക്കുള്ള ഒരു സമ്മാനമായിരിക്കും, അങ്ങനെ അവന് കർത്താവിന്റെ അധികാരത്തിൽ പങ്കെടുക്കുവാനും വരുവാനിരിക്കുന്ന സഹസ്രാബ്ദ രാജ്യത്തിൽ മുഴുവൻ ഭൂമിയിന്മേലും വാഴുന്നതിൽ അവനോടൊപ്പം ഒരു സഹരാജാവാകുവാനും കഴിയും
  - മനുഷ്യനു സിംഹാസനത്തിലിരിക്കാൻ കഴിയേണ്ടതിന് തന്നെത്തന്നെ മനുഷ്യനിലേക്ക് വേലചെയ്യുകയും മനുഷ്യന്റെ മേൽ വേലചെയ്യുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം; നമ്മെ സിംഹാസനത്തിലെ ജനമാക്കുക എന്നതാണ് അവന്റെ ആഗ്രഹം